**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 354** **22-02-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകളും സംസ്ഥാനതല ഓഫീസുകളും 19.02.2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റിന്റേയും സബോർഡിനേറ്റിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള നടപടികളും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്റ്റ് എന്നീ ആക്റ്റുകളുടെ ഭേദഗതി വരുത്തി തദ്ദേശ സ്വയംഭരണ പൊതുസർവീസ് ആക്റ്റ് രൂപീകരിക്കുന്നതിനുള്ള നടപടികളും, അന്തിമഘട്ടത്തിലാണ്. |
| (ബി) | പൊതുസർവ്വീസ് രൂപപ്പെടുന്നതിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും കരട് ചട്ടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുസർവ്വീസ് രൂപപ്പെടുന്നതിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിച്ച് പരിഗണിക്കാൻ സാധിക്കുന്ന നിർദ്ദേശങ്ങൾ കരട് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പഞ്ചായത്ത് വകുപ്പിൽ നിന്നും പൊതുസർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള മറ്റുവകുപ്പുകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (സി) | ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റിന്റേയും സബോർഡിനേറ്റിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമായതിനുശേഷം പരിശോധിക്കാവുന്നതാണ്. |
| (ഡി) | പൊതുസർവ്വീസിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും ട്രഷറി മുഖേന ശമ്പളം നൽകുന്നതിനും ജി.പി.എഫ്. /സ്പാർക്ക് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ബാധകമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | പൊതുസർവീസിൽ ഉൾപ്പെടുന്ന മുനിസിപ്പൽ, പഞ്ചായത്ത് ജീവനക്കാർ ഒഴികെയുള്ള വകുപ്പുകളിലെ ജീവനക്കാർക്ക് ശമ്പളം ട്രഷറി മുഖേനയും ജി.പി.എഫ്., സ്പാർക്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങളും നിലവിലുണ്ട്. മുനിസിപ്പൽ, പഞ്ചായത്ത് ജീവനക്കാർക്ക് ജി-സ്പാർക്ക് മുഖേന ശമ്പളം നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരികയാണ്. ടി ജീവനക്കാർക്ക് ജി.പി.എഫ്. ബാധകമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ